**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4805** **20-07-2022 - ൽ മറുപടിയ്ക്ക്**

**കാവാലിപ്പുഴ തൂക്കുപാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2019-20 സാമ്പത്തിക വർഷം നാല്പത് ലക്ഷം രൂപ വകയിരുത്തിയിരുന്ന കാവാലിപ്പുഴ തൂക്കുപാലത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | സമർപ്പിച്ചിട്ടില്ല. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പദ്ധതി തുകയുടെ 2.5% തുക അനുവദിക്കണമെന്ന് കെൽ ആവശ്യപ്പെടുകയുണ്ടായി. ഇതിൽ പകുതി തുക മുൻകൂറായും 40% ഡിസൈൻ ലഭ്യമാക്കുമ്പോഴും, ബാക്കി തുകയായ 10% ഡിപിആർ സമർപ്പിക്കുമ്പോഴും നൽകണമെന്നായിരുന്നു അറിയിച്ചത്. പ്രസ്തുത വിഷയം സർക്കാരിൽ തീരുമാനത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ പി.ഡബ്ല്യു.ഡി ഡിസൈൻ വിഭാഗം ഉണ്ടായിരുന്നിട്ടും ഡിസൈൻ വിഭാഗത്തിൽ രൂപകല്പനയ്ക്കായി സമർപ്പിക്കാതിരുന്നതിനെതിരെ സർക്കാർ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഇതേ തുടർന്ന് മണ്ണ് പരിശോധന നടത്തി അതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നിന്നും രൂപകല്പന തയ്യാറാക്കി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടി നടന്നു വരുന്നു. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ഡിസൈൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമെ ഡിപിആർ തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാനാകൂ. |
| (ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സി.ഇ./ ബി.ആർ/ കെ.റ്റി.എം./13467/2019 നമ്പർ ഫയൽ പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ മൂന്ന് വർഷമായി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഒരു നടപടിയും സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| (സി) | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയിൽ നിന്നും റിപ്പോർട്ട് വാങ്ങുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും പാലങ്ങൾ വിഭാഗം സി.ഇ. ഓഫീസിന് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ